മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 05 No. 41 | THE ONLINE OFFICIAL NEWS BULLETTIN | 2022 October 08

SEASON OF CROSS | സ്ലീബാകാലം | ܥܕܳܢܳܐ ܕܨܠܝܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
9 ♪4 4th Sunday after the Feast of Holy Cross	10 ♪8	11 ♪4	12 ♪8 167th Mem. of Cheppad Philipose Mar Dionysius (St. Geroge Church, Cheppad) 42nd Mem. of Yuhannon Mar Athanasios OIC (Perunad Bethany Asram)	13 ♪4	14 ♪8 Comme. of St. Athanasios of Alexandria	15 ♪4 Comme. of St. Osyo the Ascetic



St. Tikhon's Orthodox Theological Seminary establishes scholarship in honor of His Holiness Moran Mar Baselios Marthoma Mathews III for Seminarians of the Malankara Orthodox Syrian Church.




ബഹ്റൈൻ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രലിന്റെ 64-മത് പെരുന്നാളിനോട് അനുബന്ധിച് പ്രഥമ ശ്ലൈഹീക സന്ദർശനത്തിന് ബഹ്റൈൻ ഇന്റർനാഷണൽ എയർപോർട്ടിൽ എത്തിച്ചേർന്ന പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായെ ഇടവക വികാരി ഫാ. പോൾ മാത്യൂസ്, സഹ വികാരി ഫാ. സുനിൽ കുര്യൻ ബേബി, സഭ വൈദീക ട്രസ്റ്റി റവ. ഫാദർ ഡോ. തോമസ് വർഗ്ഗീസ് അമയിൽ, കത്തീഡ്രൽ മാനേജിങ് കമ്മിറ്റി അംഗങ്ങൾ, ഇടവക അംഗങ്ങൾ, സഭാ വിശ്വാസികൾ, സാമൂഹിക സാംസ്കാരിക പ്രമുഖർ ചേർന്ന് സ്വീകരിച്ചു.



മാവേലിക്കരയിൽ നടക്കുന്ന ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ 84-ാമത് രാജ്യാന്തര സമ്മേളനത്തിന്റെ സമാപന സമ്മേളനം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.



പരുമല സെമിനാരിയിൽ നടന്ന അഖില മലങ്കര സമാജം 40-ാമത് കോൺഫ്രൻസിന്റെ സമാപന സമ്മേളനം പ. കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു.




വടക്കഞ്ചേരി ബസ് അപകടം: സഹായം പ്രഖ്യാപിച്ച് പരിശുദ്ധ കാതോലിക്കാ ബാവ

ദേവലോകം: വടക്കഞ്ചേരി ബസ് അപകടത്തിൽ മരണപ്പെട്ട വെട്ടിക്കൽ മാർ ബസേലിയോസ് വിദ്യാനികേതൻ സ്കൂളിലെ അധ്യാപകന്റെയും വിദ്യാർത്ഥികളുടെയും കെ.എസ്.ആർ.ടി.സി. യാത്രികരായവരുടെയും വിയോഗം അതീവമായ ദുഃഖം ഉളവാക്കുന്നതാണെന്നും പ്രിയപ്പെട്ടവരുടെ അഗാധമായ ദുഃഖത്തിൽ പ്രാർഥനാപൂർവ്വം പങ്കുചേരുന്നതായും തീവ്രമായ വേദനയിൽ കൂടെ കടന്നുപോകുന്ന പരേതരുടെ പ്രിയപ്പെട്ടവർക്ക് വേണ്ടുന്ന എല്ലാ സഹായങ്ങളും പരിശുദ്ധ സഭയുടെ ഭാഗത്തുനിന്ന് എപ്പോഴും ഉണ്ടാകുമെന്നും പരിശുദ്ധ ബാവ അറിയിച്ചു.

ഈ ദുരന്തത്തിൽ അടിയന്തര സഹായം എന്ന വിധത്തിൽ വിദ്യാനികേതൻ സ്കൂളിലെ മരണപ്പെട്ട അധ്യാപകന്റെയും വിദ്യാർഥികളുടെയും കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ പരിശുദ്ധ കാതോലിക്കാ ബാവാ പ്രഖ്യാപിച്ചു.

ലേഖനം



തോമായുടെ പ്രവൃത്തികൾ (Acts of Thomas)

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പേരോടുകൂടി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ധാരാളം അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ സഭയിൽ ഉണ്ടായിട്ടുണ്ട്. ജ്ഞാനവാദക്കാരും അവരെപ്പോലെയുള്ള മറ്റു പല സംഘങ്ങളും അവരുടെ ഉപദേശങ്ങളുടെ പ്രചാരണം പെട്ടെന്നു സാദ്ധ്യമാകുന്നതിനുവേണ്ടി അവ എഴുതി സത്യവിശ്വാസികളായ പിതാക്കന്മാരുടെ പേരോടുകൂടി പ്രസിദ്ധീകരിക്കുന്ന രീതി പുരാതനസഭയിൽ ഉണ്ടായിരുന്നതായി മനസ്സിലാക്കാം. ജ്ഞാനവാദത്തിന്റെ അംശങ്ങളും മറ്റ് വേദവിപരീതങ്ങളുമൊക്കെ അവയിൽ കാണാമെങ്കിലും പുരാതനസഭയുടെ വിശ്വാസം, ആചാരങ്ങൾ, ചരിത്രം, ആരാധനാ രീതി തുടങ്ങിയ പല കാര്യങ്ങളെക്കുറിച്ചുമുള്ള വിവരണങ്ങൾ പരോക്ഷമായി അവയിൽനിന്ന് ലഭിക്കുന്നതാണ്.

തോമാശ്ലീഹായുടെ പേരോടുകൂടി പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്ന ഗ്രന്ഥങ്ങളിൽ പ്രധാനമായവ തോമായുടെ സുവിശേഷം (Gospel of Thomas), തോമായുടെ പ്രവൃത്തികൾ (Acts of Thomas) എന്നിവയാണ്. ഈജിപ്റ്റിൽ മൂന്നാം നൂറ്റാണ്ടിന്റെ പകുതിയിൽ പ്രസിദ്ധീകരിക്കപ്പെട്ട 'പിസ്റ്റിസ് സോഫിയാ' എന്ന രേഖ അനുസരിച്ച് നമ്മുടെ കർത്താവ് തന്റെ പുനരുത്ഥാനശേഷം തോമസ്, ഫിലിപ്പോസ്, മത്തായി എന്നീ അപ്പോസ്തോലന്മാരെ പ്രത്യേകമായി വിളിച്ചു



വരുത്തി അവരെ തന്റെ രക്ഷണ്യപ്രവർത്തനങ്ങളെക്കുറിച്ച് എഴുതി പ്രസിദ്ധീകരിക്കുവാൻ നിയോഗിച്ചു എന്ന ഒരു പാരമ്പര്യം ഉണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 'തോമാശ്ലീഹായുടെ സുവിശേഷം' എന്ന പേരിൽ സുറിയായിൽ വച്ച് രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ജ്ഞാനവാദക്കാർ ഒരു ഗ്രന്ഥം എഴുതി പ്രസിദ്ധീകരിച്ചു എന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റോമിലെ മാർ ഹിപ്പോളിറ്റസ്, അലക്സാന്ത്രിയായിലെ ഓറിഗൻ തുടങ്ങി പലരും തങ്ങളുടെ എഴുത്തുകളിൽ 'തോമായുടെ സുവിശേഷ'ത്തെക്കുറിച്ചും അതിനു ജ്ഞാനവാദ സിദ്ധാന്തങ്ങളുമായുള്ള ബന്ധത്തെക്കുറിച്ചും വിശദീകരിക്കുന്നുണ്ട്. സുറിയാനി ഭാഷയിലാണിതെഴുതപ്പെട്ടതെങ്കിലും ഗ്രീക്ക്, കോപ്റ്റിക് ഭാഷകളിലൂടെയാണ് ഈ ഗ്രന്ഥം ലഭ്യമായിരിക്കുന്നത്.

തോമായുടെ പ്രവൃത്തികൾ (Act of Thomas) രണ്ടാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലോ മൂന്നാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലോ എഴുതപ്പെട്ട ഒരു സുറിയാനി അപ്പോക്രിഫൽ ഗ്രന്ഥമായിട്ടാണ് കരുതുന്നത്. സുറിയാനി, ഗ്രീക്ക്, കോപ്റ്റിക്, എത്യോപിക്, അർമ്മീനിയൻ തുടങ്ങിയ ഭാഷകളിലും മറ്റ് ആധുനിക ഭാഷകളിലും ലഭ്യമായിരിക്കുന്ന ഈ ഗ്രന്ഥത്തിന്റെ കർത്താവാരാണെന്നോ എവിടെവച്ചാണെഴുതിയതെന്നോ വ്യക്തമായി പറയുവാൻ കഴിയുകയില്ല. ബർഡയ്സാൻ എന്ന ജ്ഞാനവാദി എഡേസ്സായിൽ വച്ച് എഴുതിയതാകാം എന്ന ഒരു അഭിപ്രായം നിലവിലുണ്ട്.

ഉള്ളടക്കം

ഇതിന്റെ പൊതുസ്വഭാവം മറ്റ് അപ്പോക്രിഫൽ ഗ്രന്ഥങ്ങളിലെന്ന പോലെ ചരിത്രപരമായ ഒരു കഥാസമാഹാരത്തിന്റേതാണ്. പതിനാല് ഭാഗങ്ങളിലായി 170 അദ്ധ്യായങ്ങൾ ഉള്ള ഈ ഗ്രന്ഥത്തിന്റെ ആദ്യത്തെ 13 ഭാഗങ്ങളിൽ മാർത്തോമാ ശ്ലീഹായുടെ പ്രേഷിതപ്രവർത്തനവും 14-ാമത്തെ ഭാഗത്ത് രക്തസാക്ഷി മരണവും വിവരിച്ചിരിക്കുന്നു. ജ്ഞാനവാദവുമായി സാമ്യമുള്ള ധാരാളം പരാമർശങ്ങൾ ഈ ഗ്രന്ഥത്തിലുണ്ടെങ്കിലും അവയൊന്നും മൂലഗ്രന്ഥത്തിൽ ഉണ്ടായിരുന്നിരിക്കാൻ സാദ്ധ്യതയില്ലെന്നും പിന്നീട് കൂട്ടിച്ചേർത്തതാകാം എന്നുമാണ് പണ്ഡിതാഭിപ്രായം. തോമാശ്ലീഹായുടെ ഭാരതത്തിലെ പ്രേഷിതവൃത്തി, പുരാതനസഭയിൽ നിലവിലുണ്ടായിരുന്ന വി. മാമോദീസാ, വി. കുർബ്ബാന എന്നിവയുടെ അനുഷ്ഠാനരീതികൾ എന്നിവയെക്കുറിച്ചുള്ള വിശദീകരണങ്ങൾ പുരാതന സുറിയാനി സഭയുടെ ആരാധനാ ചരിത്രപഠിതാക്കൾക്ക് വളരെ സഹായകരമാണ്.

'തോമായുടെ പ്രവൃത്തികളിൽ' പതിനാല് ഭാഗങ്ങളും ക്രമീകരിച്ചിരിക്കുന്നത് താഴെ വിവരിക്കുന്ന ക്രമത്തിലാണ്.

1. മാർത്തോമാ ശ്ലീഹാ ഭാരതത്തിന്റെ സുവിശേഷകനായി നിയമിക്കപ്പെടുന്നു. തുടർന്ന് ഭാരതരാജാവായ ഗോണ്ടഫോറസിന്റെ കച്ചവടക്കാരനായ ഹാബാൻ അദ്ദേഹത്തെ വിലയ്ക്കുവാങ്ങി ഇന്ത്യയിലേക്ക് കൊണ്ടുവരുന്നു. ഇന്ത്യയിൽ ഒരു വിവാഹാഘോഷത്തിൽ പങ്കെടുത്ത അദ്ദേഹം അവിടെവച്ച് അവർക്കുവേണ്ടി 'പ്രകാശ മണവാട്ടി' (bride of light) യുടെ ഗാനം ആലപിക്കുന്നു.

2. ഭൂമിയിൽ തനിക്കുവേണ്ടി ഒരു കൊട്ടാരം നിർമ്മിക്കുവാൻ ആവശ്യപ്പെട്ട ഗോണ്ടഫോറസ് രാജാവ് അതിനുവേണ്ടി തോമാശ്ലീഹായുടെ കൈവശം നൽകിയ പണമെല്ലാം അദ്ദേഹം പാവങ്ങൾക്കുവേണ്ടി ചെലവഴിച്ചതുകൊണ്ട് കൊട്ടാരം നിർമ്മിക്കുവാൻ സാധിക്കുന്നില്ല. എന്നാൽ, സ്വർഗ്ഗത്തിൽ മനോഹരമായ ഒരു കൊട്ടാരം ഗോണ്ടഫോറസിനുവേണ്ടി ഉണ്ടാക്കപ്പെടുന്നു. ഭൂമിയിൽ കൊട്ടാരം ആവശ്യപ്പെടുന്ന രാജാവ് അത് കാണുവാൻ കഴിയാതെ വന്നപ്പോൾ

തോമാശ്ലീഹായോട് കഠിനമായി കോപിക്കുന്നുവെങ്കിലും താമസംവിനാ യാഥാർത്ഥ്യം മനസ്സിലാക്കി സന്തോഷത്തോടെ മാമോദീസാ സ്വീകരിച്ച് ക്രൈസ്തവനായി മാറുന്നു.

3. കറുത്ത പാമ്പു കടിച്ച് മരിച്ച യുവാവിനു തോമാശ്ലീഹാ പ്രാർത്ഥിച്ചു ജീവൻ തിരിച്ചുലഭിക്കുന്നു.

4. ഒരു കഴുതക്കുട്ടി തോമാശ്ലീഹായെ തന്റെ പുറത്തുകയറ്റി സുവിശേഷ ഘോഷണത്തിനുവേണ്ടി പട്ടണം മുഴുവൻ ചുറ്റിസഞ്ചരിക്കുന്നു.

5. പിശാചു ബാധിതയായ ഒരു സ്ത്രീക്കു സൗഖ്യം നൽകി അവളെ മാമോദീസാ മുക്കുന്നു.

6. മരിച്ചുപോയ ഒരു യുവതിയെ തോമാശ്ലീഹാ തന്റെ പ്രാർത്ഥനയാൽ ഉയിർപ്പിക്കുന്നു. പാതാളത്തിൽ താൻ കണ്ട കാഴ്ചകളും പാപികൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന ശിക്ഷയും അവൾ വിവരിക്കുന്നു.

7. തോമാശ്ലീഹായുടെ സഹായം ആവശ്യപ്പെടുന്ന സിപ്പോർ എന്ന സർവ്വസൈന്യാധിപന്റെ രോഗികളായ ഭാര്യയെയും മകളെയും കുറിച്ചുള്ള വിവരണം. തോമാശ്ലീഹാ തന്റെ ശിഷ്യനെ അവർക്കുവേണ്ടി പ്രത്യേകമായി ചുമതലപ്പെടുത്തുന്നു.

8. നാല് കാട്ടുകഴുതകൾ തങ്ങളുടെ സേവനം തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിനുവേണ്ടി നൽകുന്നു. അവ അദ്ദേഹത്തെ പട്ടണത്തിൽ സർവ്വസൈന്യാധിപനായ സിപ്പോറിന്റെ ഭവനത്തിൽ എത്തിക്കുകയും അവിടെവച്ച് അദ്ദേഹം സിപ്പോറിന്റെ ഭാര്യയെയും മകളെയും സൗഖ്യമാക്കുകയും ചെയ്യുന്നു.

9. മസ്ഡായി രാജാവിന്റെ ബന്ധുവായ കാരീഷിന്റെ ഭാര്യ മിഗ്ഡോണിയായുടെ മാനസാന്തരത്തെപ്പറ്റിയുള്ള വിവരണം.

10. മിഗ്ഡോണിയായും തന്റെ തോഴിയായ നാർക്കിയായും മാമോദീസാ സ്വീകരിക്കുന്നു. അവർക്കു പിന്നാലെ സിപ്പോറും ഭാര്യയും മകളും മാമോദീസാ സ്വീകരിച്ച സംഭവത്തിന്റെ വിവരണം.

11. മസ്ഡായിയുടെ ഭാര്യ തെരസ്യാ മിഗ്ഡോണിയായുടെ ഭവനം സന്ദർശിക്കുകയും അവിടെവച്ച് അവൾ തോമാശ്ലീഹായുടെ പ്രസംഗം കേട്ട് അതിൽ ആകൃഷ്ടയാകുകയും ചെയ്യുന്നു.

12. മസ്ഡായിയുടെ മകനായ വിസാനും തോമാശ്ലീഹായും തമ്മിൽ സുവിശേഷം സംബന്ധിച്ചു തർക്കങ്ങൾ ഉണ്ടാവുകയും അതിന്റെ ഫലമായി തോമാശ്ലീഹാ കാരാഗൃഹത്തിൽ അടയ്ക്കപ്പെടുകയും ചെയ്യുന്നു.

13. വിസാൻ, അദ്ദേഹത്തിന്റെ ഭാര്യ മനാഷർ, തെരസ്യാ എന്നിവർ മാനസാന്തരപ്പെട്ട് മാമോദീസാ സ്വീകരിക്കുന്നു.

14. തോമാശ്ലീഹായുടെ രക്തസാക്ഷി മരണം. മഡ്സായി രാജാവിന്റെ ആജ്ഞയാൽ അദ്ദേഹത്തിന്റെ പടയാളികൾ തോമാശ്ലീഹായെ കുന്തത്താൽ കുത്തിക്കൊല്ലുന്നു. പിന്നീട് അദ്ദേഹത്തിന്റെ കബറിലെ മണ്ണിൽ സ്പർശിച്ചപ്പോൾ മസ്ഡായിയുടെ പിശാചു ബാധിതനായ മകനു സൗഖ്യം ലഭിക്കുകയും അതിൽ മാനസാന്തരപ്പെടുന്ന മസ്ഡായിയും കുടുംബം മുഴുവനും മാമോദീസാ സ്വീകരിച്ച് ക്രൈസ്തവരായി മാറുകയും ചെയ്യുന്നു.

വിശ്വാസപരമായ ചില കാര്യങ്ങൾ

'തോമായുടെ പ്രവൃത്തികളിൽ' ക്രൈസ്തവവിശ്വാസത്തിന്റെ ചില അടിസ്ഥാന ആശയങ്ങൾ ദൃശ്യമാണ്. അവയിൽ പ്രധാനമായവ ഇവിടെ കുറിക്കുന്നു.

1. മരണാനന്തരാവസ്ഥ

ദൃശ്യമായ ഈ ലോകത്തിനപ്പുറമായ സ്ഥലകാലങ്ങളെക്കുറിച്ച് 'തോമായുടെ പ്രവൃത്തികളിൽ' ധാരാളം സൂചനകളുണ്ട്. തോമാശ്ലീഹാ സ്വർഗ്ഗത്തിൽ ഗോണ്ടഫോറസ് രാജാവിനുവേണ്ടി നിർമ്മിക്കുന്ന കൊട്ടാരം ഒരുദാഹരണമാണ്. പുതിയ സ്ഥലകാലങ്ങളെക്കുറിച്ചും മരണാനന്തര അവസ്ഥയെക്കുറിച്ചും ഈ കൊട്ടാര നിർമ്മാണ കഥ ചില നല്ല സൂചനകളാണ് നൽകുന്നത്. കൊട്ടാരത്തിന്റെ പണിയുടെ ഗതിയെക്കുറിച്ച് ഗോണ്ടഫോറസ് രാജാവ് തോമാശ്ലീഹായോട് ചോദിക്കുമ്പോൾ അദ്ദേഹം നൽകുന്ന മറുപടി ശ്രദ്ധേയമാണ്:



"കൊട്ടാരം പണിയപ്പെട്ടു. ഇനി മേൽക്കൂര കൂടി ആവശ്യമായിരിക്കുന്നു." രാജാവിനുവേണ്ടി സ്ഥലകാലങ്ങൾക്കതീതമായി സ്വർഗ്ഗത്തിൽ കൊട്ടാരം പണിയപ്പെടുന്നു. അതിന്റെ പൂർത്തീകരണമായിട്ടില്ല. മനുഷ്യന്റെ നിത്യമായ വാസസ്ഥലത്തെക്കുറിച്ചുള്ള പൂർണ്ണമായ വെളിപ്പെടൽ ഈ ഭൂമിയിൽ നിന്നുള്ള വേർപാടിന് ശേഷം മാത്രം സംഭവിക്കുന്നതാണ്. പുതിയ സ്ഥലകാലങ്ങളിലേക്ക് പൂർണമായ പ്രവേശനം സാദ്ധ്യമാകുന്നത് ഭൗമിക ജീവിതത്തിൽ നിന്നുള്ള വേർപെടലിനുശേഷം മാത്രമാണെന്ന വസ്തുത ഇവിടെ പ്രകടമാക്കുന്നു. സ്വർഗ്ഗത്തിൽ തനിക്കുവേണ്ടി പണിയപ്പെട്ടിരിക്കുന്ന കൊട്ടാരം കാണുവാൻ രാജാവ് അതിയായി ആഗ്രഹിക്കുമ്പോൾ തിടുക്കപ്പെടാതിരിപ്പാനും മരണത്തോടുകൂടി അത് കാണുവാൻ പറ്റുമെന്നും ശ്ലീഹാ അദ്ദേഹത്തിന് ഉറപ്പ് നൽകുന്നു.

കറുത്ത പാമ്പിന്റെ കടിയേറ്റ് മരിച്ച ചെറുപ്പക്കാരനെ ഉയിർപ്പിച്ചശേഷം അവനോടുള്ള സംഭാഷണത്തിലും ശരീരത്തിനും ബോധത്തിനും അതീതമായ സ്ഥലകാലങ്ങളെക്കുറിച്ച് തോമാശ്ലീഹാ വർണിക്കുന്നുണ്ട്. തോമാശ്ലീഹായുടെ വാക്കുകളിൽ ഈ ലോകത്തിലെ ജീവിതം താൽക്കാലികവും പുതിയ ലോകത്തിലെ ജീവിതം നിത്യവുമാണ്. ഈ ഭൂമി താൽക്കാലിക മണവറയും പുതിയ ലോകം സ്വർഗ്ഗീയ മണവറയുമാണ്. സ്വർഗ്ഗീയ മണവറയിൽ കുറവോ അപൂർണ്ണതയോ ഉണ്ടാകില്ല. കുറവും അപൂർണ്ണതയും ഇല്ലാത്ത ലോകത്തിലേക്ക് നിത്യമായി വസിക്കുവാനുള്ള പ്രയാണമായിട്ടാണ് 'തോമായുടെ പ്രവൃത്തികൾ' മനുഷ്യന്റെ മരണത്തെ കാണുന്നത്.

2. വി. മാമോദീസായെക്കുറിച്ച്

'തോമായുടെ പ്രവൃത്തികളിൽ' അഞ്ച് ഭാഗങ്ങളിൽ വിശുദ്ധ മാമോദീസായെക്കുറിച്ചും സഭയിലേക്കുള്ള പ്രവേശനത്തെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്.

i) 25 – 27 അദ്ധ്യായങ്ങളിൽ

ഗോണ്ടഫോറസ് രാജാവും അദ്ദേഹത്തിന്റെ സഹോദരനായ ഗാദും മാമോ

ദീസാ സ്വീകരിച്ച് സഭയിലേക്ക് പ്രവേശിക്കുന്നതാണ് പശ്ചാത്തലം. 25 – 26 അദ്ധ്യായങ്ങളിൽ വി. മാമോദീസായ്ക്ക് മുമ്പുള്ള ഒരുക്കത്തെക്കുറിച്ച് വിവരിക്കുന്നു. ഏഴ് ദിവസം അവർ അപ്പോസ്തോലനോടൊപ്പം താമസിച്ച് പ്രാർത്ഥിക്കുകയും എട്ടാം ദിവസം കത്തിച്ച വിളക്കുകളുടെ അകമ്പടിയോടുകൂടി മാമോദീസാ മുറിയിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. 27 -ാം അദ്ധ്യായം മാമോദീസായുടെ വിവരണമാണ്. മൂന്ന് പ്രധാന കർമ്മങ്ങളാണ് ഇവിടെ നടത്തുന്നത്.

a) മാമോദീസാ തൊട്ടിയ്ക്കു മുമ്പാകെ നിന്നുള്ള പ്രാർത്ഥനയും സ്നാനാർത്ഥികളുടെമേൽ തൈലംകൊണ്ടുള്ള അഭിഷേകവും. പ്രാർത്ഥന മശിഹായുടെ നാമവും പരിശുദ്ധ റൂഹായുടെ നാമവും വിളിച്ചുള്ള epicletical (പരിശുദ്ധാത്മാവിന്റെ ആവാസത്തിനുള്ള) പ്രാർത്ഥനയാണ്. സ്നാനാർത്ഥികളെ മശിഹായുടെയും പരിശുദ്ധാത്മാവിന്റെയും ആവാസത്താൽ വിശുദ്ധീകരിക്കുകയും പിതാവാം ദൈവവുമായി ബന്ധിപ്പിക്കുകയുമാണ്.

b) വെള്ളത്താലുള്ള സ്നാനം കഴിപ്പിക്കൽ. ഇത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിലാണ് നടത്തുന്നത്.

c) വി. കുർബ്ബാന വിഭജനം: വി.കുർബ്ബാന വിഭജിച്ച് സ്നാനാർത്ഥികളെ മശിഹായുടെ മേശയിൽനിന്ന് അനുഭവിപ്പിക്കുന്നു.

ii) 49 -ാം അദ്ധ്യായത്തിലെ വിവരണം

ഒരു സ്ത്രീക്കും അവൾക്കുശേഷം മറ്റനേകം പേർക്കും മാമോദീസാ നൽകുന്നതാണ് ഇവിടുത്തെ പശ്ചാത്തലം. 48 -ാം അദ്ധ്യായം യേശു ക്രിസ്തു മനുഷ്യവർഗ്ഗത്തിനുവേണ്ടി ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളെയും ഏറ്റുപറഞ്ഞശേഷം പരിശുദ്ധ റൂഹായുടെ ആവാസത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥന (epicletic Prayer) നടത്തി അവസാനിപ്പിക്കുന്നു. തുടർന്ന് 49 -ാം അദ്ധ്യായത്തിൽ "ഉന്നതനായവന്റെ അപ്പോസ്തോലനെ ശത്രുക്കൾ ഇനിയും എന്റെ മേൽ വരാതിരിക്കാൻ എന്റെ കർത്താവിന്റെ മുദ്ര നീ എനിക്ക് നൽകണമേ" എന്ന ഒരു സ്ത്രീയുടെ അപേക്ഷയിൻ പ്രകാരം അവളെയും അവളോടൊപ്പം വിശ്വസിച്ച മറ്റനേകരെയും തോമാശ്ലീഹാ അടുത്തുള്ള നദിയിലേക്ക് കൊണ്ടുപോയി അവിടെവച്ച് മാമോദീസാ നൽകുന്നു. ഇവിടെയും മൂന്ന് കാര്യങ്ങളാണ് അനുഷ്ഠിക്കുന്നത്.

a) അപ്പോസ്തോലൻ സ്നാനാർത്ഥികളുടെ തലയിൽ കൈവെച്ച് പ്രാർത്ഥിക്കുന്നു.

b) പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ വെള്ളംകൊണ്ട് മാമോദീസാ മുക്കുന്നു.

c) വിശുദ്ധ കുർബ്ബാനയുടെ അനുഭവം.

iii) 121 -ാം അദ്ധ്യായത്തിലെ വിവരണം

കാരീഷിന്റെ ഭാര്യയായ മിഗ്ഡോണിയായുടെ മാമോദീസായാണിവിടുത്തെ പശ്ചാത്തലം. തോമാശ്ലീഹാ തൈലമെടുത്ത് അതിന്മേലുള്ള പ്രാർത്ഥന നടത്തിയശേഷം താഴെപ്പറയുന്ന രീതിയിൽ മാമോദീസായുടെ ചടങ്ങുകൾ നടത്തുന്നു.

a) തോമാശ്ലീഹാ മിഗ്ഡോണിയായുടെ തലയിൽ തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നു.

b) ഒരു ശെമ്മാശിനി മിഗ്ഡോണിയായുടെ ശരീരം മുഴുവനും തൈലത്താൽ അഭിഷേകം ചെയ്യുന്നു.

c) തോമാശ്ലീഹാ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ മിഗ്ഡോണിയായ്ക്ക് വെള്ളത്താൽ സ്നാനം നൽ കുന്നു.

d) വിശുദ്ധ കുർബ്ബാനയുടെ അനുഭവം.

IV) 132 – 133 അദ്ധ്യായങ്ങളിലെ വിവരണം

സർവ്വ സൈന്യാധിപനായ സിപ്പോറും ഭാര്യയും മകളും മാമോദീസാ സ്വീകരിക്കുന്ന സംഭവമാണ് പശ്ചാത്തലം. ഇവിടെയും മാമോദീസായുടെ ക്രമം ഏകദേശം ആദ്യം രേഖപ്പെടുത്തിയിരിക്കുന്നതുപോലെയാണ്.

a) സ്നാനാർത്ഥികളുടെ തലയിൽ തോമാശ്ലീഹാ തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നു.

b) ശെമ്മാശന്മാർ സിപ്പോറിന്റെ ശരീരവും ശെമ്മാശിനിമാർ സ്ത്രീകളായ സ്നാനാർത്ഥികളുടെ ശരീരവും തൈലംകൊണ്ട് പൂശുന്നു.

c) തോമാശ്ലീഹാ അവരെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ വെള്ളത്താലുള്ള സ്നാനം നടത്തുന്നു.

d) വി. കുർബ്ബാനയുടെ അനുഭവം.

V) 157 – 158 അദ്ധ്യായങ്ങളിലെ വിവരണം.

മാമോദീസായെക്കുറിച്ചുള്ള അവസാനത്തെ വിവരണം. രാജാവായ മസ്ഡായിയുടെ മകനായ വിസാൻ, തന്റെ മാതാവായ തെരസ്യാ, ഭാര്യയായ മനാഷർ എന്നിവരുടെ മാമോദീസാ ഇവിടെ നടക്കുന്നു. സ്നാനാർ ത്ഥികളെ സഭയുടെ ആട്ടിൻകൂട്ടത്തിൽ ഉൾപ്പെടുത്തുന്നതിനും അവരെ ദൈവത്തിന്റെ മന്ദിരങ്ങളാക്കുന്നതിനും വേണ്ടിയുള്ള പ്രാർത്ഥനയ്ക്കുശേഷം മുകളിൽ വിവരിച്ചിരിക്കുന്ന ക്രമപ്രകാരം മാമോദീസാ നടത്തുന്നു.



മുകളിൽ വിവരിച്ചിരിക്കുന്ന അഞ്ചു സന്ദർഭങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന ചില പൊതുസ്വഭാവങ്ങളുണ്ട്. രണ്ടാമത്തെ വിവരണത്തിൽ ഒഴികെ ബാക്കി എല്ലായിടങ്ങളിലും മാമോദീസായുമായി ബന്ധപ്പെട്ട് അഭിഷേകത്തെക്കുറിച്ച് രേഖപ്പെടുത്തുന്നു. അതുകൊണ്ടു തൈലംകൊണ്ടുള്ള അഭിഷേകം മാമോദീസായുടെ ഒരു അവിഭാജ്യഘടകമായി പുരാതനസഭയിൽ കരുതിയിരുന്നു എന്ന് അനുമാനിക്കാവുന്നതാണ്. റൂശ്മ (sign, mark) എന്ന വാക്കാണ് തൈലംകൊണ്ടുള്ള അഭിഷേകത്തിന് ഉപയോഗിച്ചിരിക്കുന്നത്. സ്നാനാർത്ഥി മറ്റുള്ളവരിൽ നിന്ന് മാറ്റപ്പെട്ടു ക്രിസ്തുവിന്റെ ആടുകളുടെ കൂട്ടത്തിൽ എണ്ണപ്പെടുവാൻ തക്കവണ്ണം മുദ്ര കുത്തപ്പെട്ടിരിക്കുന്നു എന്നാണിവിടെ അർത്ഥമാക്കുന്നത്. വെള്ളംകൊണ്ടുള്ള സ്നാനത്തിനുമുമ്പ് നടക്കുന്ന അഭിഷേകത്തിനാണ് ഇവിടെ ഊന്നൽ കൊടുത്തിരിക്കുന്നത്. തൈലം പരിശുദ്ധാത്മാവിന്റെ പ്രതീകമാകയാൽ വെള്ളംകൊണ്ടുള്ള സ്നാനത്തിനു മുൻപുതന്നെ കർത്താവിന്റെ ആത്മാവ് സ്നാനാർത്ഥിയെ അഭിഷേകതൈലത്താൽ വിശുദ്ധീകരിക്കുന്നു. സൗഖ്യവും വിശുദ്ധീകരണവും ശക്തീകരണവും ഇവിടെ നടക്കുന്നുണ്ട്. സ്നാനത്തിനുശേഷമുള്ള തൈലാഭിഷേകത്തെ (മൂറോനഭിഷേകം) കുറിച്ച് ഒന്നും തന്നെ 'തോമായുടെ പ്രവൃത്തി' കളിൽ രേഖപ്പെടുത്തിയിട്ടില്ല.

വി. ത്രിത്വനാമത്തിലുള്ള സ്നാനം കഴിപ്പിക്കലും മുദ്ര കുത്തലും 'തോമായുടെ പ്രവൃത്തികളിൽ' വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. സുറിയാനി സഭയുടെ മറ്റ് പുരാതന രേഖകളിലും ഇത് വ്യക്തമായി വിവരിക്കുന്നതിനാൽ ആദ്യകാലം മുതൽതന്നെ സുറിയാനിസഭയിൽ ത്രിത്വനാമത്തിലുള്ള മുദ്രയിടലും സ്നാനം കഴിപ്പിക്കലും വ്യാപകമായിരുന്നു എന്ന് ഉറപ്പിക്കാവുന്നതാണ്.

മറ്റൊരു പ്രധാന സ്വഭാവം മാമോദീസായും വി. കുർബ്ബാനയും തമ്മിലുള്ള അഭേദ്യബന്ധമാണ്. മുകളിൽ വിവരിച്ചിരിക്കുന്ന അഞ്ച് സന്ദർഭങ്ങളിലും മാമോദീസായോടു ചേർന്ന് വി. കുർബ്ബാനയുടെ അനുഭവവും വിവരിക്കുന്നുണ്ട്. ഓർത്തഡോക്സ് സഭകളിൽ ഇന്നും നിലവിലിരിക്കുന്ന ഈ രീതി സഭാചരിത്രത്തിൽ ആദ്യകാലം മുതൽ തന്നെയുള്ളതാണ് എന്ന് ഇവിടെ വ്യക്തമാക്കാം.

3. വി. കുർബ്ബാനാ രഹസ്യം സംബന്ധിച്ച്

ഭൗമിക ജീവിതവും സ്വർഗ്ഗീയ ജീവിതവും തമ്മിൽ ബന്ധിപ്പിക്കുന്ന പാല

മായി വി. കുർബ്ബാന എന്ന രഹസ്യത്തെ 'തോമായുടെ പ്രവൃത്തികൾ' വിശേഷിപ്പിക്കുന്നു. വി. കുർബ്ബാനയെക്കുറിച്ച് ധാരാളം സൂചനകൾ ഉണ്ടെങ്കിലും അവയെല്ലാം വി. മാമോദീസായുമായുള്ള ബന്ധത്തിലാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. വി. മാമോദീസായുടെ പൂർത്തീകരണമായി വി. കുർബ്ബാന അർപ്പണവും അനുഭവവും വേണമെന്നു 'തോമായുടെ പ്രവൃത്തികൾ' ഊന്നിപ്പറയുന്നുണ്ട്. Communion (വി. സംസർഗ്ഗം/സംബന്ധം), Eucharist (നന്ദിപ്രകടനം), Sacrifice (ബലി), Offering (കാഴ്ചയർപ്പണം) തുടങ്ങിയ പദങ്ങളാണ് വിശുദ്ധ കുർബ്ബാനയ്ക്ക് 'തോമായുടെ പ്രവൃത്തികൾ' കൊടുത്തിരിക്കുന്നത്. (91 -ാം അദ്ധ്യായം).

വി. കുർബ്ബാനയുടെ ആചരണത്തെക്കുറിച്ച് വിശദമായ വിവരണങ്ങൾ അധികമായി ഇല്ലെങ്കിലും ഞായറാഴ്ചകളിൽ അത് ആചരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ആചരണം പ്രഭാതത്തിലായിരിക്കണമെന്നും വ്യക്തമായ ആഹ്വാനങ്ങൾ 78 -ാമത്തെ അദ്ധ്യായത്തിൽ നൽകുന്നുണ്ട്. വി. കുർബ്ബാനയെക്കുറിച്ചുള്ള ഏറ്റവും പ്രധാനമായ ഒരു വിവരണം 90-91 അദ്ധ്യായങ്ങളിൽ നിന്ന് ഇവിടെ ഉദ്ധരിക്കാം:

"അപ്പോസ്തോലൻ (തോമാശ്ലീഹാ) തന്റെ ശെമ്മാശനോട് വി.കുർബ്ബാന ഒരുക്കുവാൻ ആവശ്യപ്പെട്ടു. അവൻ ഒരു ബഞ്ച് കൊണ്ടുവന്ന് അതിന്മേൽ ഒരു ലിനൻ തുണി വിരിച്ചു. തുടർന്ന് വാഴ്ത്തപ്പെട്ട അപ്പം അതിന്മേൽ പ്രതിഷ്ഠിച്ചു. അപ്പോസ്തോലൻ അതിന്റെ സമീപം വന്നുനിന്നു അതിന്മേൽ തന്റെ കൈവച്ച് ഇപ്രകാരം പ്രാർത്ഥിച്ചു: 'തന്റെ തിരുശരീരത്തിലേക്കും ജീവൻ നൽകുന്ന തിരുരക്തത്തിലേക്കും സമീപിക്കുവാൻ ഞങ്ങൾക്ക് അർഹത നൽകിയ യേശുവേ, നിന്റെ ദൈവത്വത്തിന്റെ ഹിതപ്രകാരം പ്രവാചകന്മാർ നിന്നെ വിളിച്ചതുപോലെ ഞങ്ങളും നിന്നെ വിളിക്കുന്നു. നിന്റെ ശ്ലീഹന്മാർ നിന്നെ ലോകമെങ്ങും പ്രഘോഷിച്ചതുപോലെ ഞങ്ങളും നിന്നെ പ്രഘോഷിക്കുന്നു. ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ സഹായത്തിനും ഞങ്ങളുടെ ജീവനും വേണ്ടി ഞങ്ങളിലേക്കിറങ്ങിവന്നു ഞങ്ങളുമായി സംസർഗ്ഗം ചെയ്യേണമെ. നിന്റെ ദാസരായ ഞങ്ങൾ നിന്റെ സന്തോഷം നൽകുന്ന നുകത്തിൻകീഴിലും വിജയവും ശക്തിയും നൽകുന്ന കുരിശിന്റെ കീഴിലും നിന്നുകൊണ്ടു ഞങ്ങളുടെ ആത്മാക്കൾക്ക് ആരോഗ്യവും ശരീരത്തിനു ജീവനും നിന്റെ ജീവനുള്ള രാജ്യത്തിൽ നേടുമാറാകണമെ."

ഇതുപോലെയുള്ള പ്രാർത്ഥനകൾ 117, 136, 137, 149 അദ്ധ്യായങ്ങളിൽ ഒക്കെയുണ്ട്. അവിടെയൊക്കെ വി. കുർബ്ബാന അർപ്പിക്കുവാൻ വരുന്ന വിശ്വാസികളുടെ കൂട്ടത്തെ (assembly) ക്കുറിച്ചും കുർബ്ബാന അർപ്പിക്കുന്ന മദ്ബഹായെക്കുറിച്ചും പരാമർശങ്ങൾ ഉണ്ടെങ്കിലും അർപ്പിക്കുന്ന സ്ഥലത്തെക്കുറിച്ചു ലേഖകന് വലിയ ഉൽകണ്ഠ ഉള്ളതായി തോന്നുന്നില്ല. ലിനൻ വസ്ത്രം കർത്താവിന്റെ കബറടക്കത്തിനു മുമ്പു തന്റെ ശരീരം പൊതിഞ്ഞ തുണിയായും (ലൂക്കോസ് 23:53) വാഴ്ത്തലിന്റെ അപ്പം (കാഴ്ചയപ്പം) യഹൂദ പാരമ്പര്യത്തിന്റെ പിൻതുടർച്ചയായും 'തോമായുടെ പ്രവൃത്തികളിൽ' തന്നെ വിവരണം ഉണ്ട്. വി. കുർബ്ബാന അനുഭവത്തിന്റെ ഫലമായി ചില പ്രധാനകാര്യങ്ങൾ ഊന്നൽ നൽകി സൂചിപ്പിക്കുന്നു (91-ാം അദ്ധ്യായം).

a) നിത്യജീവൻ പ്രാപ്യമാക്കുവാൻ.

b) കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും.

c) ശിക്ഷയ്ക്കും പ്രതികാരത്തിനുമായി ഭവിക്കാതെ ജീവനും രക്ഷയ്ക്കുമായി ഭവിക്കുവാൻ.

തോമായുടെ പ്രവൃത്തികൾ അനുസരിച്ച് വി. കുർബ്ബാന രഹസ്യം പുതിയ ലോകത്തിലേക്ക് പ്രവേശനത്തിനുള്ള വലിയ മാർഗ്ഗമാണ്. സ്വർഗ്ഗീയ ഗണങ്ങളുടെ സാന്നിധ്യം അനുഭവിച്ചുകൊണ്ട് അനുഷ്ഠിക്കുന്ന വി. കുർബ്ബാന സ്ഥലകാല പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സ്ഥലകാല പരിമിതികൾക്കപ്പുറമുള്ള യാഥാർത്ഥ്യത്തിലേക്ക് നമ്മെ നയിക്കുന്നു.

❑

നിലയ്ക്കൽ ഭദ്രാസനം ഉദ്യോഗാർത്ഥികൾക്കായി കരിയർ ഗൈഡൻസ് സെന്റർ ആരംഭിക്കുന്നു

ഡോ. ജോഷ്വാ മാർ നിക്കോദിമോസിന്റെ ഷഷ്ടിപൂർത്തി സ്മാരകമാണ് പദ്ധതി

റാന്നി: പി.എസ്.സി. പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കായി കരിയർ ഗൈഡൻസ് നിലയ്ക്കൽ ഭദ്രാസനം ആരംഭിക്കുന്നു. ഡോ. ജോഷ്വാ മാർ നിക്കോദിമോസിന്റെ ഷഷ്ടിപൂർത്തി സ്മാരകമായിട്ടാണ് സെന്റർ തുറക്കുന്നത്. വിദേശത്തു തൊഴിൽ തേടി പോകുന്നവരെ തൊഴിൽ ലഭ്യമാക്കി നാട്ടിൽ തന്നെ നിർത്തുകയാണ് ലക്ഷ്യമിടുന്നത്. എല്ലാ മതവിഭാഗങ്ങളിലും പെട്ടവർക്ക് പരിശീലനം നൽകും.

2010 ഓഗസ്റ്റ് 15-നാണ് നിലയ്ക്കൽ ഭദ്രാസനം ആരംഭിച്ചത്. ജീവകാരുണ്യ മേഖലയിൽ വിദ്യാഭ്യാസത്തിനും വിവാഹത്തിനും ചികിത്സയ്ക്കു സഹായങ്ങൾ നൽകി വരുന്നു, ഭവനദാനവും നടത്തുന്നു. തൊഴിലിനും സഹായം നൽകിയിട്ടുണ്ട് എന്നാൽ വിദ്യാഭ്യാസ മേഖലയിൽ കാര്യമായ ഇടപെടൽ ഭദ്രാസനം നടത്തിയിട്ടില്ല.

പന്തളത്തു ജനിച്ച മാർ നിക്കോദിമോസ് എസ്എസ്എൽസി പഠനം കഴിഞ്ഞ് 16-ാമത്തെ വയസ്സിൽ റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ എത്തിയതാണ്. പ്രീഡിഗ്രിക്ക് റാന്നിയിലായിരുന്നു പഠനം. 1986-ൽ 24-ാമത്തെ വയസ്സിലാണ് വൈദികനായത്. 2003-ൽ റമ്പാനായി. 2010-ൽ ബിഷപ്പായി. തുടക്കം മുതൽ നിലയ്ക്കൽ ഭദ്രാസനത്തെ നയിക്കുന്നത് അദ്ദേഹമാണ്. 39 ഇടവകകളും 3,000 കുടുംബങ്ങളുമാണ് ഭദ്രാസനത്തിലുള്ളത്. ഭദ്രാസനത്തിന് ആസ്ഥാന മന്ദിരം നിർമിക്കാനും ജനക്ഷേമകരമായ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്താനും അദ്ദേഹത്തിനു കഴിഞ്ഞു.




പരിശുദ്ധ പരുമല തിരുമേനിയുടെ 120-ാം ഓർമപ്പെരുന്നാളിന് അനുബന്ധിച്ചുള്ള പന്തൽ കാൽനടീൽ പരുമല സെമിനാരിയിൽ മാനേജർ കെ. വി. പോൾ റമ്പാൻ നിർവഹിച്ചു.

വടക്കഞ്ചേരി ബസ് അപകടം: സഭ അന്വേഷണ കമ്മീഷനെ നിയമിച്ചു

മാവേലിക്കര: മുളന്തുരുത്തി വെട്ടിക്കൽ മാർ ബസേലിയോസ് വിദ്യാനികേതൻ സ്കൂളിൽ നിന്ന് വിനോദയാത്ര പോയ ബസ് അപകടത്തിൽ 9 പേർ മരണപ്പെട്ടത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൗലോസ് കോശി മാവേലിക്കര (റിട്ടയേർഡ് ആർ.ടി.ഒ) ചെയർമാനായി അന്വേഷണ കമ്മീഷണനെ എം.ഒ.സി പബ്ലിക് സ്കൂൾസ് മാനേജർ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ നിയമിച്ചു. പി. എം. വർഗീസ് മാമലശ്ശേരി (റിട്ടയേർഡ് എസ്.പി), ഡോ. സജി വർഗീസ് മാവേലിക്കര (കറസ്പോണ്ടന്റ്, എം.ഒ.സി പബ്ലിക് സ്കൂൾസ്) എന്നിവരാണ് കമ്മീഷൻ അംഗങ്ങൾ. ഒക്ടോബർ 17-ന് റിപ്പോർട്ട് സമർപ്പിക്കണം.

MISSION

HIV/AIDS രോഗികളുടെ ചികിൽസയും താമസവും മരുന്നും ഭക്ഷണവും എല്ലാം സൗജന്യമായി നൽകുന്ന സ്ഥാപനമാണിത്; 2017-ൽ 1000-ൽ അധികം HIV/AIDS രോഗികൾക്ക് ചികിൽസ നൽകി.



ഫാ. ജിനേഷ് വർക്കി റമ്പാൻ സ്ഥാനത്തേക്ക്

പ്രശസ്ത സാമൂഹ്യ പ്രവർത്തകനും ബാംഗ്ലൂർ ദയാ ഭവൻ സെക്രട്ടറിയും, തോട്ടയ്ക്കാട് മാർ അപ്രേം പള്ളി ഇടവകാംഗവുമായ കൊടുവയലിൽ കൊല്ലംപറമ്പിൽ ഫാ. ജിനേഷ് വർക്കി റമ്പാൻ സ്ഥാനത്തേക്ക്. ഒക്ടോബർ 22-ന് പരുമല സെമിനാരിയിൽ റമ്പാൻ സ്ഥാനദാന ശുശ്രൂഷ നടക്കും.

ദയാഭവൻ മിഷനിലെ ദയാസ്പർശം

മിഷൻ രംഗത്തെ അത്യപൂർവ്വമായ സാന്നിധ്യമാണ് ബാംഗ്ലൂരിലെ ദയാഭവൻ. ഗ്രാമീണ ജനതയുടെ ആരോഗ്യ പരിപാലനം, ശക്തീകരണം, വിദ്യാഭ്യാസം, കുടിവെള്ളം എന്നിവ ലക്ഷ്യമാക്കി കർണ്ണാടകയിലെ തുംകൂർ ജില്ലയിൽ കുനിഗലിലാണ് എയ്ഡ്സ് രോഗികൾക്കും അവരുടെ മക്കൾക്കുമുള്ള ഈ ആശ്വാസകേന്ദ്രം. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ സ്വപ്ന പദ്ധതിയാണിത്.

പുനരധിവാസം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, വ്യക്തിത്വശേഷി വികസനം തുടങ്ങിയവ ലക്ഷ്യമിടുന്ന സെ. ഗ്രിഗോറിയോസ് ദയാഭവൻ മിഷൻ ബോർഡിന്റെ പ്രോജക്ടാണ്. മിഷൻ ബോർഡിന്റെ കീഴിൽ ബാംഗ്ലൂരിൽ പ്രധാനമായും മൂന്ന് പ്രോജക്ടുകളാണുള്ളത്.





1. ദയാഭവൻ

എയ്ഡ്സ് രോഗികളായ കുഞ്ഞുങ്ങളുടെ പുനരധിവാസത്തിനായി 2002 നവംബർ 8-ന് ആരംഭിച്ചു. ഇവിടെ എയ്ഡ്സ് രോഗികളായ മാതാപിതാക്കളുടെ കുട്ടികളും ഉണ്ട് (affected and infected children from HIV/AIDS). പുനരധിവാസം, വിദ്യാഭ്യാസം, സമഗ്രമായ വളർച്ച എന്നിവ ഇവർക്ക് ലഭ്യമാകുന്നു. പ്രൈമറി ക്ലാസ്സു മുതൽ പ്രൊഫഷണൽ കോളജുകളിൽ വരെ വിദ്യാർത്ഥികൾ പഠിക്കുന്നു. 2018-ലെ കണക്കിൻ പ്രകാരം 78 വിദ്യാർത്ഥികളെ താമസിപ്പിക്കുന്നു. ഇതിൽ 25 പേർ എയ്ഡ്സ് രോഗബാധിതരാണ്. ബാക്കിയുള്ളവർ എയ്ഡ്സ് ബാധിതരായ മാതാപിതാക്കളുടെ മക്കളാണ്. ഇതിൽ നാരായണൻ ബി.ഇ.യും, അരുൺ ബി.എസ്.സി. നേഴ്സിംങ്ങും പാസ്സായി. അശോക് കുമാർ സിഎയും, സുദർശൻ ഫാംഡിയ്ക്കും (ഡോക് ട്രേറ്റ് ഇൻ ഫാർമസി), ശിവകുമാർ ബിഡിഎസിനും പഠിക്കുന്നു. നാല് കുട്ടികൾ എഞ്ചിനീയറിങ്ങിനും. കൂടാതെ പലരും പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവരാണ്. തുംകുർ ജില്ലയിലെ വിവിധ ഗ്രാമങ്ങളിലായി എയിഡ്സ് ബാധിതരായ മാതാപിതാക്കളുടെ 250-ൽ അധികം പെൺകുട്ടികളെ ദയാഭവൻ സ്പോൺസർ ചെയ്തിട്ടുണ്ട്. ഈ വർഷം 90 കുട്ടികൾക്ക് സൗജന്യ പുനരധിവാസം നൽകുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് ഫാ. ജിനേഷ് വർക്കി പറഞ്ഞു.

ദയാഭവനായി 2002-ൽ വസ്തുവാങ്ങിയെങ്കിലും 2003-ൽ 12 എയ്ഡ്സ് രോഗികളായ കുട്ടികളുമായി ദയാഭവൻ ആരംഭിച്ചു. വൃദ്ധജനങ്ങൾക്കും വൃദ്ധരായ രോഗികൾക്കും വേണ്ടി കുനിഗലിൽ പാലിയേറ്റിവ് കെയർ സെന്റർ, അഡോപ്ഷൻ സെന്റർ, അനാഥരായ നവജാത ശിശുക്കൾക്കുവേണ്ടിയുള്ള പുനരധിവാസ കേന്ദ്രം, കമ്മ്യൂണിറ്റിഹാൾ എന്നിവ 2018 ലെ പദ്ധതികളാണ്. 'ദയാഭവനിൽ' എയ്ഡ്സ് രോഗികൾക്കായുള്ള ദയാതീരം, മെഡിക്കൽ മിഷൻ ആശുപത്രി, കുടിവെള്ളം ശുദ്ധീകരിച്ച് നൽകുന്ന ദയവർഷ (6 ലക്ഷം ലിറ്റർ ശുദ്ധീകരിച്ച വെള്ളം 2017-ൽ വിതരണം ചെയ്തു), ടെയിലറിങ് സെന്റർ, കൗൺസലിങ്ങ് സെന്റർ എന്നി

വയും വിവിധ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നു. 26 പേർ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

2. ട്രിനിറ്റി ചാരിറ്റബിൾ അസോസിയേഷൻ

വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കാണ് ഇത് ലക്ഷ്യമിടുന്നത്. ഒന്നു മുതൽ പത്താം ക്ലാസ് വരെയുള്ള മർത്തഹള്ളി ട്രിനിറ്റി ഇംഗ്ലീഷ് ഹൈസ്ക്കൂൾ ഇതിന്റെ പ്രോജക്ടാണ്. ഹൈസ്ക്കൂളിൽ 600-ൽപ്പരം കുട്ടികളും പഠിക്കുന്നു. കുനിഗലിൽ ഉള്ള ഹോളി ട്രിനിറ്റി കോളജിൽ ബി.കോം, എം.എസ്.ഡബ്ല്യു കോഴ്സുകളും നടത്തുന്നു. ഇത് തുംകൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളജാണ്.

3. നാംസ് സ്നേഹസദൻ

ബാംഗ്ലൂരിലെ സ്നേഹസദനിൽ ബാലഭവൻ, വൃദ്ധഭവൻ, തയ്യൽ പരിശീലന കേന്ദ്രം എന്നിവ നടത്തുന്നു. ബാലഭവനിൽ 40 പേർക്ക് പുനരധിവാസവും വൃദ്ധഭവനിൽ 21 പേർക്ക് താമസവും നൽകുന്നു. തയ്യൽ പരിശീലന കേന്ദ്രത്തിൽ 50 ൽ അധികം ആളുകൾ പരിശീലനം നേടുന്നു.

ബാംഗ്ലൂരിലെ ദയഭവൻ പ്രവർത്തനങ്ങൾ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ദർശനമായിരുന്നു. ദയാഭവൻ (home of compassion) എന്ന പേര് നൽകിയത് അദ്ദേഹമായിരുന്നു. കെ.ഐ. ഫിലിപ്പ് റമ്പാൻ ഡയറക്ടറായി പ്രവർത്തിക്കുന്നു. മിഷൻ ബോർഡ് പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ തേവോദോറോസ്, കോ-പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ബാംഗ്ലൂർ ഭദ്രാസനാധിപൻ ഡോ. എബ്രഹാം മാർ സെറാഫിം എന്നിവർ ബാംഗ്ലൂരിലെ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഫാ. ജിനേഷ് വർക്കി ഇവയുടെ സെക്രട്ടറിയായി പ്രാരംഭം മുതൽ പ്രവർത്തിക്കുന്നു.

– ഫാ. കരിങ്ങാട്ടിൽ

ദയാഭവൻ : അംഗീകാരങ്ങൾ

ബാംഗ്ലൂർ: മലങ്കര ഓർത്തഡോക്സ് സഭ HIV/AIDS രംഗത്ത് പ്രവർത്തിക്കുന്ന മഹത്തായ സ്ഥാപനമാണ് ദയാഭവൻ. എയ്ഡ്സ് രോഗികളായവരുടെ കുട്ടികളേയും എയ്ഡ്സ് രോഗം ബാധിച്ച കുട്ടികളെയും പുനരധിവസിപ്പിച്ച് ചികിൽസ നൽകുന്ന സ്ഥാപനമാണിത്. ദയാഭവന്റെ നേതൃത്വത്തിലുള്ള ദയസ്പർശൻ ആശുപത്രി കർണ്ണാടകയിലെ മികച്ച HIV/AIDS രോഗ നിർണ്ണയവും കൗൺസലിങ്ങും ചികിൽസയും സൗജന്യമായി നൽകുന്നു. റ്റി.ബി. രോഗനിർണ്ണയവും ചികിൽസയും ഉണ്ട്.

HIV/AIDS മായി ബന്ധപ്പെട്ട് സർക്കാർ അനുവദിച്ച എല്ലാം സർവ്വീസുകളും സൗജന്യമായും എന്നാൽ ഫലപ്രദമായും ഇവിടെ നിർവ്വഹിക്കുന്നു. HIV/AIDS നും റ്റി.ബി. രോഗത്തിനും മാത്രമുള്ളതാണ് ദയാസ്പർശ ആശുപത്രി. നിരവധി സർക്കാർ അംഗീകാരങ്ങൾ ഈ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. കർണ്ണാടകയിലെ മികച്ച സേവനകേന്ദ്രം, HIV/AIDS രംഗത്തെ മികച്ച എ ഗ്രേഡ് ആശുപത്രി, തുങ്കൂർ ജില്ലയിലെ മികച്ച എൻ.ജി.ഒ. സ്ഥാപനം, NACO യുടെ മികച്ച എ. ഗ്രേഡ് സ്ഥാപനം. ഇങ്ങനെ നിരവധി അംഗീകരണങ്ങൾ ലഭ്യമായി.

ഇതിന്റെ സെക്രട്ടറിയായി പ്രാരംഭം മുതൽ പ്രവർത്തിക്കുന്ന ഫാ. ജിനേഷ് വർക്കിക്കും ദയാഭവന്റെ പ്രവർത്തനങ്ങൾ അധിഷ്ഠിതമാക്കി നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. മദർതെരേസാ ചിൽഡ്രൻസ് അവാർഡ് (2013), ദുബായ് സെന്റ് തോമസ് കത്തീഡ്രലിലെ Un-sung hero Award (2015), മൈലപ്ര സെന്റ് ജോർജ് അവാർഡ് (2016), പന്തളം അറത്തിൽ മഹായിടവകയുടെ ഓഡർ ഓഫ് സെന്റ് ജോർജ് പുരസ്ക്കാരം (2017), കല്ലൂപ്പാറ പള്ളിയുടെ മരിയൻ പുരസ്ക്കാരം (2017), കുടശ്ശനാട് കത്തീഡ്രൽ അവാർഡ് (2018), മസ്ക്കറ്റ് തണൽ അവാർഡ് (2018) എന്നിവ പ്രധാനപ്പെട്ട അംഗീകാരങ്ങളാണ്. അവാർഡായി ലഭിക്കുന്ന മുഴുവൻ തുകയും സമ്മാനങ്ങളും ദയാഭവന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു എന്ന് ഫാ. ജിനേഷ് വർക്കി പറഞ്ഞു.

ദയാഭവൻ, ഭാവിയിൽ സ്വയപര്യാപ്തമാക്കുവാനും, HIV/AIDS റിസേർച്ച് സെന്ററായി വികസിപ്പിക്കാനും സ്വപ്ന പദ്ധതികൾ ഉണ്ടെന്ന് ഫാ. ജിനേഷ് വർക്കി പറഞ്ഞു. മുഴുവൻ ഗ്രാമീണ ജനതയ്ക്കും സൗജന്യമായി ചികിൽസ നൽകുവാൻ കഴിയണം. കർണ്ണാടകയിലെ തുംകൂർ ജില്ല HIV/AIDS വിമുക്ത ജില്ലയാക്കി തീർക്കുവാനുമുള്ള പദ്ധതികളും പ്രചരണ സംവിധാനങ്ങളും ഉണ്ടാകണം. ഗ്രാമങ്ങളിൽ HIV/AIDS ന് എതിരായി നവീനമായ ബോധന സംവിധാനങ്ങൾ ഫലപ്രദമാക്കുവാനും കഴിയണമെന്ന് അദ്ദേഹം പറഞ്ഞു.

സന്നദ്ധ പ്രവർത്തകരായി ദയാഭവനിൽ പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്ന ഡോക്ടേഴ്സ്, പരാമെഡിക്കൽ സ്റ്റാഫ്, അധ്യാപകർ തുടങ്ങി സേവന സന്നദ്ധരായവരെ ദയാഭവനിലേയ്ക്ക് ക്ഷണിക്കുന്നു.

94483 71298 (Secretary) ■

HIV/AIDS ദയാസ്പർശ ആശുപത്രി

ബാംഗ്ലൂർ: ഇന്ത്യയിൽ എയ്ഡ്സ് രോഗികളുടെ എണ്ണത്തിൽ കർണ്ണാടകത്തിന് അഞ്ചാം സ്ഥാനമാണ്. എന്നാൽ എയ്ഡ്സ് രോഗികളെ ചികിത്സിക്കുന്നതിന് ആശുപത്രികൾ വിരളവും. ഇത്തരം സാഹചര്യത്തിലാണ് ബാംഗ്ലൂരിൽ HIV/AIDS രോഗികൾക്കുവേണ്ടി ദയാസ്പർശൻ ആശുപത്രി ആരംഭിച്ചത്. ഇതിനടുത്ത ഏഴു ജില്ലകൾക്ക് ഏക ആശുപത്രിയാണ് ദയാസ്പർശൻ.

HIV/AIDS രോഗികളുടെ ചികിൽസയും താമസവും മരുന്നും ഭക്ഷണവും എല്ലാം സൗജന്യമായി നൽകുന്ന സ്ഥാപനമാണിത്; 2017-ൽ 1000-ൽ അധികം HIV/AIDS രോഗികൾക്ക് ചികിൽസ നൽകി. 400-ൽപ്പരം HIV/AIDS രോഗികളെ ദയാസ്പർശ ആശുപത്രിയിൽ താമസിപ്പിച്ച് സൗജന്യമായി ചികിൽസിച്ചു. HIV/AIDS രോഗ നിർണ്ണയത്തിലും പുതിയതായി 17 രോഗികളെ കണ്ടെത്തി ചികിൽസയും കൗൺസലിങ്ങും നൽകി. 1400-ൽപ്പരം പേർക്ക് കൗൺസലിങ്ങ് നൽകി.

കർണ്ണാടക സർക്കാരിന്റെയും നിരവധി ഹെൽത്ത് ഓർഗനൈസേഷന്റെയും പിന്തുണ ദയാസ്പർശ ലഭിക്കുന്നു. HIV/AIDS രംഗത്തെ സർക്കാർ അംഗീകാരമുള്ള ഏക സ്ഥാപനമാണിത്. മരുന്നും താമസവും തികച്ചും സൗജന്യമായി നൽകുന്നു എന്ന് സെക്രട്ടറി ഫാ. ജിനേഷ് വർക്കി പറഞ്ഞു. ■

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

His call to be Trustworthy

St. Luke 16:1-13

Fr Nithin V Rajan



We all take pride in increasing our bank balance. Our bank balance is our pride and a surety for our needs. We are at peace when we have some good amount of balance in our bank. Bank can mean any kind of wealth in this world. Position and possession are temporary in this world so we shouldn't chase our time to find them, when we do well they follow us.

Life is not abundance of possessions:

"Someone in the crowd said to him, "Teacher, tell my brother to divide the inheritance with me. Jesus replied, "Man, who appointed me a judge or an arbiter between you?" Then he said to them, "Watch out! Be on your guard against all kinds of greed; life does not consist in an abundance of possessions." ***Luke 12:13-15.***

Many family bonds have been broken and bruised because of the ways of handling inherited property. Human beings have become so materialistic that the greed to accumulate wealth have pushed many to inhumane behavior. They go to any extent to accumulate not knowing that it can be of no use at times.

"But those who want to be rich fall into temptation and are trapped by many senseless and harmful desires that plunge people into ruin and destruction. For the love of money is a root of all kinds of evil, and in their eagerness to be rich some have wandered away from the faith and pierced themselves with many pains" ***1 Timothy 6:9-10****.*

It is the love of money, and not money itself, that is the problem. The affection of money is a sin because it gets in the way of worshiping God. Greed doesn't allow us to be satisfied. More often than not, the more we get, the more we want. Material belongings will not protect us—in this life or eternally. Again, money or wealth is not problematic. The problem is our attitude towards it. When we place our assurance in wealth or are consumed by an unquenchable desire for more, we are failing to give God the glory and worship He deserves. We are to serve God, not waste our time trying to become rich because life doesn't become meaningful like that.

'How Much Land Does a Man Need':

And he told them this parable: "The ground of a certain rich man yielded an abundant harvest. He thought to himself, 'What shall I do? I have no place to store my crops.' "Then he said, 'This is what I'll do. I will tear down my barns and build bigger ones, and there I will store my surplus grain. And I'll say to myself, "You have plenty of grain laid up for many years. Take life easy; eat, drink and be merry. But God said to him, 'You fool! This very night your life will be demanded from you. Then who will get what you have prepared for yourself? This is how it will be with whoever stores up things for themselves but is not rich toward God." ***Luke 12:16-21.***

Abundance is not the Issue, Selfishness is. There is a beautiful story titled 'How Much Land Does a Man Need' by Leo Tolstoy. The story is a classic tale of need versus greed. While people can live happily with their needs, the lure of more can destroy such happiness.

It is a story of a peasant named Pakhom, who lives a modest existence. As the story opens, he overhears his wife and sister-in-law conversing the benefits of town life versus farm life. He thinks to himself that if he had plenty of land, he would have nothing to fear. Pakhom puts together enough money to purchase a small parcel of land. By diligently working on the extra land, Pakhom is able to reap enough extra money to live a more comfortable existence.

However, the extra money causes Pakhom to become very possessive of his land and distrustful that it will be taken away from him. He starts to have conflicts with his neighbors, and some, hating his success, even threaten to burn his house. The tension makes him decide to move his family to another community with more land. There, he is able to grow even more crops and build up a small fortune. Soon he is introduced to the Bashkirs, a local indigenous group, and learns that they are simple people who owns a lot of land. He approaches them and negotiates with them to buy a large parcel of their land.

However, the Bashkirs' offer is rare. They tell him that for one thousand rubles, he can walk around the areas as he wants, starting at daybreak, and mark his route with a spade. If he returns to his starting point by sunset, he gets all the land he marked. However, if he does not reach his starting point, he loses his money and gets nothing. Pakhom is delighted, believing this will be easy and thinking he is getting the bargain of a lifetime from these simple people. The next day, he stays out as late as possible, marking the land until just before the sun sets. As he sees the sun setting, he realizes he is far from the starting point and breaks into a run as the Bashkirs wait for him. He arrives at the starting point just as the sun sets, and the Bashkirs congratulate him. Suddenly, exhausted from the run, his heart gives out, and he drops dead right in front of the landowners. The story ends with his servant burying him in a simple grave, six feet long in the end, all the land he needed.

This story of Leo Tolstoy explains what Jesus meant by his teaching about wealth.

How to become Rich towards God?

Jesus and the apostles considered money dangerous and helpful. And they taught us how to minimize the danger, and maximize the helpfulness. "Rich toward God" means counting God than anything on the earth. "Rich toward God" means using earthly riches to show how much you value God. This is what the successful farmer failed to do. And the result was that he was a fool and lost his soul. This is what Jesus said considered money hazardous. It lures us out of love for God. It lures us away from treasuring God.

Again the issue isn't that the man's fields prospered. The issue is that God ceased to be his ultimate treasure. If God had been his treasure what would he have done differently? Instead of saying, "Soul, you have ample goods laid up for many years; relax, eat, drink, be merry," he would have said something like this "God, this is all yours. You have made my fields prosper. Show me how to express with my riches that you are my treasure, and the riches are not.

When God blesses financially, it is our responsibility to continue and extent our hands to the last least and lost. We need to be responsible citizens in this world and practice 'Liturgy after liturgy'. Charity should not be considered as mere giving it should become, as a part of our duty and responsibility. Amen. ❑




ഫാ. തോമസ് ജോൺ റമ്പാൻ സ്ഥാനത്തേക്ക്

കരുണഗിരി എംജിഡിഎം ആശ്രമം സെക്രട്ടറിയും തിരുവനന്തപുരം കാരുണ്യ ഗൈഡൻസ് സെന്റർ - വിശ്രാന്തി ഭവൻ എന്നീ സ്ഥാപനങ്ങളുടെ കോ-ഓർഡിനേറ്ററുമായ ഫാ. തോമസ് ജോൺ റമ്പാൻ സ്ഥാനത്തേക്ക്. ഒക്ടോബർ 22-ന് പരുമല സെമിനാരിയിൽ റമ്പാൻ സ്ഥാനദാന ശുശ്രൂഷ നടക്കും.

കൊല്ലം ഭദ്രാസനത്തിലെ പട്ടാഴി പന്തപ്ലാവ് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗം. മാതാപിതാക്കൾ: പന്തപ്ലാവ് പുത്തൻവിളയിൽ കെ. ജോൺ - അന്നമ്മ ജോൺ. പുറമറ്റം സെന്റ് കുരിയാക്കോസ് ഓർത്തഡോക്സ് ഇടവക വികാരി.



ഭാരതസർക്കാരിന്റെ പൊതുവിതരണം ഉപഭോക്തൃകാര്യ, ഭക്ഷ്യ, മന്ത്രാലയത്തിന്റെ കേരള സംസ്ഥാനത്തിനായുള്ള ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ കൺസൾട്ടേറ്റീവ് കമ്മിറ്റി അംഗമായി മലങ്കര സഭാ മാനേജിംഗ് കമ്മിറ്റി അംഗം കൂടിയായ ഡോ. ഗീവർഗീസ് യോഹന്നാൻ തിരഞ്ഞെടുക്കപ്പെട്ടു. സഭാ മാനേജിംഗ് കമ്മിറ്റിയംഗമാണ്.



ഓർത്തഡോക്സ് സഭ മെറിറ്റ് ഈവനിംഗ് ഒക്ടോബർ 13-ന് പരുമലയിൽ

കോട്ടയം: പൊതു പരീക്ഷകളിൽ മികച്ച വിജയം നേടിയവരും, കലാകായിക രംഗങ്ങളിൽ മികവ് തെളിയിച്ചവരും, വിവിധ അവാർഡ് ജേതാക്കളുമായ സഭാംഗങ്ങളെ അനുമോദിക്കുന്നതിനായി മലങ്കര ഓർത്തഡോക്സ് സഭ മെറിറ്റ് ഈവനിംഗ് നടത്തും. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള 2500-ൽ പരം പ്രതിഭകളെയാണ് അനുമോദിക്കുന്നത്.

ഒക്ടോബർ 13-ന് ഉച്ചകഴിഞ്ഞ് 2.30-ന് പരുമല സെമിനാരി ഓഡിറ്റോറിയത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം കേരളാ നിയമസഭാ സ്പീക്കർ അഡ്വ. എ. എൻ. ഷംസീർ ഉദ്ഘാടനം ചെയ്യും. അറിയിപ്പ് ലഭിച്ചവർ ബന്ധപ്പെട്ട രേഖകളുമായി അന്നേ ദിവസം 1 മണിക്ക് പരുമല സെമിനാരി ഓഡിറ്റോറിയത്തിൽ ഹാജരാകണമെന്ന് അസ്സോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അറിയിച്ചു.

ഇന്റർനാഷണൽ അസോസിയേഷൻ ഫോർ മിഷൻ സ്റ്റഡീസ് (INAMS) കോൺഫറൻസ്

ബാംഗ്ളൂർ: ഇന്റർനാഷണൽ അസോസിയേഷൻ ഫോർ മിഷൻ സ്റ്റഡീസ് (INAMS) ന്റെ എഴുപത്തിയെട്ടാമത് (78) കോൺഫറൻസ് കർണാടകയിലെ കുണിഗലിലുള്ള ദയാ ഭവനിൽ ഗീവർഗീസ് മാർ കൂറീലോസ് മെത്രാപോലീത്ത ഉദ്ഘാടനം ചെയ്തു. മിഷൻ ബോർഡ് പ്രസിഡണ്ടു ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, വൈസ് പ്രസിഡണ്ട് ഡോ. യൂഹാനോൻ മാർ തേവോദോറോസ്, ജോഷ്വാ മാർ നിക്കോദിമോസ്, ഡോ. എബ്രഹാം മാർ സെറാഫിം, ദയാ ഭവൻ ഡയറക്ടർ ഫാ. ജിനേഷ് വർക്കി, ജനറൽ സെക്രട്ടറി പ്രൊഫ. പി. കെ. കുര്യൻ, സെക്രട്ടറി തോമസ് പോൾ, കെ. സി. രാജു, എൻ. എം. അച്ചൻകുഞ്ഞ്, ജിനോട് കുര്യൻ എന്നിവർ പ്രസംഗിച്ചു.

സഭയുടെ മിഷൻ ദർശനത്തെക്കുറിച്ചു ഫാ. ഡോ. കെ. എം. ജോർജ് പ്രഭാഷണം നടത്തി. മിഷൻ പ്രവർത്തനത്തിന്റെ എക്യുമെനിക്കൽ മാനങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ മാൻഡ്യ രൂപത ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ എടയന്തറത്തു ഉദ്ഘാടനം ചെയ്തു. ഫാ. ജോയ്സൺ കിഴക്കേതിൽ, റെവ. സജി ബാബു, സാറാമ്മ സിറിയക് എന്നിവർ പ്രസംഗിച്ചു.

ഐനാംസിന്റെ സന്തത സാഹചരിയായിരുന്ന ഫാ. ഡോ. ഒ. തോമസിനെ അനുസ്മരിച്ചു. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപോലീത്തായുടെ മിഷൻ ദർശനത്തേക്കുറിച്ച് ഫാ. ഡോ. ബിജേഷ് ഫിലിപ്പ് സംസാരിച്ചു. മിഷൻ മേഖലകളെക്കുറിച്ചുള്ള ചർച്ചയിൽ ഫാ. തോമസ് മ്യാലിൽ, ഫാ. നിധിൻ മാത്യു, ഡോ. ഫിലിപ്പോസ് ജോഷ്വാ, കെ. ജി. മത്തായിക്കുട്ടി, പ്രൊഫ. പി. കെ. കുര്യൻ എന്നിവർ പങ്കെടുത്തു.

ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപോലീത്ത വേദ പഠനത്തിന് നേതൃത്വം നൽകി. ഫാ. ജിനേഷ് വർക്കി, ഡോ. സിബി തരകൻ, ഫാ. തോമസ് റമ്പാൻ, ഫാ. മത്തായികുട്ടി. വൈ, സിസ്റ്റർ സൂസൻ എന്നിവർ മിഷൻ അനുഭവങ്ങൾ പങ്കുവെച്ചു. വിവിധ മിഷൻ മേഖലകളെക്കുറിച്ചുള്ള ഗ്രൂപ്പ് ചർച്ചക്ക് ഫാ. തോമസ് കെ. ചാക്കോ, ഫാ. റ്റി. യു. തോമസ്, ലീലാമ്മ എം.എം എന്നിവർ നേതൃത്വം നൽകി.

യുവജന സമ്മേളനത്തിൽ ജസ്റ്റിസ് പി. ജി. ചാക്കോ അധ്യക്ഷത വഹിച്ചു. റെജി സാം, ജോസഫ് സാം, ജോസ് നല്ലില, അലക്സാണ്ടർ ജോൺ, റെനി ഫിലിപ്പ്, പ്രസാദ് സാമുവേൽ, ഡോ. ലിസി ചെറിയാൻ, അലീന, മേഘ, ജോർജ് തോമസ് എന്നിവർ പ്രസംഗിച്ചു.


ദയഭവൻ അന്തേവാസികളായുള്ള കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു. ദയ ഭവന്റെയും അനുബന്ധ സ്ഥാപനമായ സ്നേഹ ഭവൻ, തുമ്കൂർ ആശുപത്രി തുടങ്ങിയവയെക്കുറിച്ചുള്ള വീഡിയോ പ്രദർശനം ഉണ്ടായിരുന്നു.



മലങ്കരയുടെ യുവത്വം ലഹരി വിരുദ്ധ പ്രഖ്യാപനവുമായി മലങ്കര സഭയുടെ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ കബറിടത്തിലേക്ക്. മാവേലിക്കരയിൽ നടന്ന ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ 84-ാമത് രാജ്യാന്തര സമ്മേളനത്തിൽ പങ്കെടുത്ത 650-തോളം യുവജനങ്ങളാണ് മാവേലിക്കര ജംഗ്ഷനിൽ നിന്നും ഗീവർഗീസ് മാർ ഒസ്താത്തിയോസിന്റെ കബറടത്തിലേക്ക് നടത്തപ്പെട്ട പദയാത്രയിൽ പങ്കെടുത്തത്. സഭാസ്നേഹവും ലഹരിവിരുദ്ധ പ്രഖ്യാപനവും മുഴങ്ങിക്കേട്ട പദയാത്രയ്ക്കുശേഷം യുവജനങ്ങൾ കബറിടത്തെ വലംവയ്ക്കുകയും സന്ധ്യാനമസ്കാരത്തിൽ പങ്കെടുക്കുകയും ചെയ്തു.



ആദരാഞ്ജലികൾ





Holy Consecration of St. Mary's Malankara Orthodox Cathedral, Huntingdon Valley and Apostolic Visit of His Holiness Moran Mar Baselios Marthoma Mathews III. His Holiness was accompanied by, Zachariah Mar Nicholovos Metropolitan, Dr. Yuhanon Mar Meletius along with other Reverend Priests, Deacon's, Seminarians and Acolytes.



കണ്ടനാട് ഈസ്റ്റ് ഭദ്രാസന വനിതാ സമാജം ഏകദിന പഠന ക്ലാസ് പൂത്രൃക്ക പള്ളിയിൽ ഡോ. തോമസ് മാർ അത്താനാസിയോസ് ഉദ്ഘാടനം ചെയ്തു.



പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിലുള്ള ഗോൾഡ് കോസ്റ്റിലെ ദേവാലയത്തിലെ ആദ്യ വിശുദ്ധ കുർബാന ഡോ. യുഹാനോൻ മാർ ദീയസ്കൊറോസിന്റെയും, ഗീവർഗീസ് മാർ പീലക്സിനോസിന്റെയും മുഖ്യ കാർമികത്വത്തിൽ നടന്നു. ഗോൾഡ് കോസ്റ്റിലെയും പരിസരപ്രദേശങ്ങളിലെയും അനേകമാളുകൾ വിശുദ്ധ കുർബാനയിൽ പങ്കെടുത്തു. മാസത്തിലെ ഒന്നും മൂന്നും ശനിയാഴ്ചകളിൽ വിശുദ്ധ കുർബാനയും, സൺഡേസ്കൂളും ഉണ്ടാകുമെന്ന് ഇടവക വികാരി ഫാ. ഷിനു ചെറിയാൻ അറിയിച്ചു.



അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാൻഗ്വേജ് ലാബ് ഉദ്ഘാടനം ചെയ്തു

പീരുമേട്: മാർ ബസേലിയോസ് എൻജിനീയറിങ് കോളജിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാൻഗ്വേജ് ലാബ് ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. കോളേജ് ഡയറക്ടർ പ്രിൻസ് വർഗീസ് അധ്യക്ഷത വഹിച്ചു. ഇംഗ്ലീഷ്, ജർമൻ,ഫ്രഞ്ച് തുടങ്ങിയ വിവിധ അന്താരാഷ്ട്ര ഭാഷകൾ കൈകാര്യം ചെയ്യത്തക്ക വിധത്തിലാണ് ലാബ് ക്രമീകരിച്ചിരിക്കുന്നത്.



പരുമലയിൽ നടന്ന ബാലസമാജത്തിന്റെ ത്രിദിന വാർഷിക ക്യാമ്പ്.



അന്തരിച്ച മുൻ ആഭ്യന്തരമന്ത്രി കൊടിയേരി ബാലകൃഷ്ണന്റെ ഭൗതിക ശരീരത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കുവേണ്ടി ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ ആദരാഞ്ജലികൾ അർപ്പിച്ചു.



മാർ തേവോദോസിയോസ് മിഷൻ സെന്ററിന്റെ 9-ാമത് വാർഷികം

പാത്താമുട്ടം: കൽക്കട്ട ഭദ്രാസനത്തിന്റെ കീഴിലുള്ള സെൻറ് തോമസ് മിഷന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്ന പാത്താമുട്ടം സ്തേഫാനോസ് മാർ തേവോദോസിയോസ് മിഷൻ സെന്ററിന്റെ 9-ാമത് വാർഷികം മാർ തേവോദോസിയോസ് തിരുമേനിയുടെ ജൻമദിനമായ ഒക്ടോബർ 2-ന്പാത്താമുട്ടം മിഷൻ സെൻററിൽ നടന്നു. ചിറത്തലാട്ട് സി. ജോൺ കോർ എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം കൽക്കട്ട ഭദ്രാസനാധിപൻ ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഫാ. പി. ടി. തോമസ്, ഫാ. സഖറിയാ പള്ളിക്കപറമ്പിൽ, ഫാ. എം. സി. കുര്യാക്കോസ്, മിഷൻ സെൻറർ ട്രഷറാർ ഷാജി ഏബ്രഹാം, ഡോ. ജേക്കബ് മണ്ണുംമൂട് എന്നിവർ പ്രസംഗിച്ചു. പാത്താമുട്ടം മിഷൻ സെന്ററിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ലഹരി വിമുക്ത ബോധവൽക്കരണ പദ്ധതിയായ നേർവഴി-2022' ന്റെ ഉദ്ഘാടനവും മെത്രാപ്പോലീത്താ നിർവഹിച്ചു. മലങ്കര സഭാ മാനേജിംഗ് കമ്മറ്റിയംഗമായി തിരഞ്ഞെടുക്കപ്പെട്ട മത്തായി ടി. വർഗീസിനെ യോഗം അഭിനന്ദിച്ചു. മിഷൻ സെന്ററിന്റെ നേതൃത്വത്തിൽ വനിതകൾക്കായി തയ്യൽ പരിശീലനകേന്ദ്രം ആരംഭിക്കുമെന്ന് മെത്രാപ്പോലീത്താ അറിയിച്ചു.



നെടുമ്പാശ്ശേരി മാർ അത്തനേഷ്യസ് ഹയർ സെക്കണ്ടറി സ്കൂളിൽ മലങ്കര ഓർത്തഡോക്സ് സഭാ മദ്യവർജന സമിതി പ്രസിഡന്റായ യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപോലീത്തായുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു.



യു.കെ. സോമർസെറ്റ് ടോണ്ടനിലെ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് കോൺഗ്രിഗേഷന്റെ ആദ്യ വിശുദ്ധ കുർബാന യുകെ യൂറോപ്പ് ആഫ്രിക്ക ഭദ്രാസന ഇടയൻ ഡോ. മാത്യൂസ് മാർ തീമോത്തിയോസിന്റെ മുഖ്യ കാർമികത്വത്തിൽ നടന്നു. നൂറിൽപ്പരം വിശ്വാസികൾ വിശുദ്ധ കുർബാനയിൽ പങ്കെടുത്തു. വികാരി: ഫാ. ഗീവർഗീസ് ജേക്കബ് തരകൻ.



മെൽബൺ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഞായറാഴ്ച രാവിലെ വിശുദ്ധ കുർബാന അർപ്പിക്കുകയും, ആത്മീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ഒ.വി.ബി.എസ്. സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.



ഒമാനിലെ സലാല സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളി വിശുദ്ധ ദൈവാലയ കൂദാശയോട് അനുബന്ധിച്ചു തയ്യാറാക്കിയ സുവനീർ പ്രകാശനം ചെയ്തു.



തിരുവനന്തപുരം ഭദ്രാസനം സൺഡേ സ്കൂൾ അധ്യാപക ഏകദിന പരിശീലന സമ്മേളനം പാലവിള സെന്റ് ജോർജ് ദേവാലയത്തിൽ നടന്നു.



വൈ.എം.സി.എ.
തിരുവല്ല സബ് -റീജൻ ജനറൽ
കൺവീനറായി തെരഞ്ഞെടുക്കപ്പെട്ട
ജോജി പി. തോമസ്.



കോട്ടയം: കൊടിയേരി ബാലകൃഷ്ണന്റെ വിയോഗത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അനുശോചിച്ചു. പൊതുരംഗത്തും ഭരണരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച സവിശേഷമായ വ്യക്തിത്വത്തിന് ഉടമയായിരുന്നു അദ്ദേഹം. ഓർത്തഡോക്സ് സഭയുമായി ആത്മബന്ധം പുലർത്തിയ നേതാവും സഭയുടെ പ്രതിസന്ധി ഘട്ടങ്ങളിൽ ആശ്രയവും കൈത്താങ്ങും നൽകുന്നതിൽ ശ്രദ്ധാലുവുമായിരുന്നു. അദ്ദേഹത്തിന്റെ വിയോഗം രാഷ്ട്രീയ കേരളത്തിന് തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതായും മലങ്കര ഓർത്തഡോക്സ് സഭയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നതായും കാതോലിക്കാ ബാവ പറഞ്ഞു.



ചേപ്പാട് ഫിലിപ്പോസ് മാർ ദിവന്നാസിയോസിയോസിന്റെ ഓർമ്മ പെരുന്നാളിന്റെ ഭാഗമായിട്ടുള്ള മർത്തമറിയ സമാജ ഭദ്രാസന ധ്യാനം ചേപ്പാട് വലിയപള്ളിയിൽ നടന്നു. മാവേലിക്കര ഭദ്രാസന സഹായ മെത്രാപ്പോലീത്താ അലക്സിയോസ് മാർ യൗസേബിയോസ് ഉത്ഘാടനം ചെയ്തു. ഭദ്രാസന വൈസ് പ്രസിഡൻറ് ഫാ. കോശി മാത്യു അദ്ധ്യക്ഷത വഹിച്ചു. ഫാ. ടൈറ്റസ് ജോൺ തലവൂർ മുഖ്യ പ്രഭാഷണം നടത്തി.

കാതോലിക്കാ സ്ഥാനാരോഹണം: ഹർജികൾ തള്ളി

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷന്റെ തിരഞ്ഞെടുപ്പ് ചോദ്യം ചെയ്തും, പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ സ്ഥാനാരോഹണത്തിനെതിരെയും മലങ്കര സഭയിൽ പുതിയ മെത്രാപ്പോലീത്താമാരെ തിരഞ്ഞെടുക്കുന്നതിനെതിരെയും മലങ്കര അസോസിയേഷൻ കൂടി പുതിയ വൈദിക ട്രസ്റ്റി അൽമായ ട്രസ്റ്റി തിരഞ്ഞെടുപ്പിനെതിരെയും വിഘടിത വിഭാഗം നൽകിയ എല്ലാ ഹർജികളും കോട്ടയം ജില്ലാ കോടതി തള്ളി ഉത്തരവായി.

ഓർത്തോഡോക്സ് സഭയ്ക്കു വേണ്ടി അഡ്വ. എസ്. ശ്രീകുമാർ അഡ്വ. എം. സി. സ്കറിയ തുടങ്ങിയവർ ഹാജരായി.